**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.537

05.06.2018 ലെ മറുപടിക്ക്

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**

ഡോ.ടി.എം.തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

## തദ്ദേശസ്വയംഭരണ വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുക

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് 2016-17, 2017-18 ബജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിക്കാത്ത തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

തദ്ദേശ സ്വയംഭരണ വകുപ്പിന് ധനാഭ്യർത്ഥന നമ്പർ 22 - നഗരവികസനം, 35 - പഞ്ചായത്ത്, 36 - ഗ്രാമ വികസനം എന്നിവയിലായി വകയിരുത്തിയ തുകയും ചെലവഴിക്കാത്ത തുകയും ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | ബജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | ചെലവഴിക്കാത്ത തുക |
|---|---|---|
| 2016-17 | 5915.04 | 3070.59 |
| 2017-18 | 7079.53 | 4333.09* |

*(അക്കൌണ്ടന്റ് ജനറലിന്റെ 31.03.2018 ലെ താൽക്കാലിക കണക്കുകൾ പ്രകാരം)

(ബി) അഡീഷണൽ ഓതറൈസേഷൻ വഴി എത്ര രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; എന്നാണ് ലഭിച്ചത്; എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലഭിച്ച തുകയിൽ എത്ര തുക ചെലവാക്കി എന്നും എത്ര തുക ചെലവാക്കിയിട്ടില്ല എന്നും വ്യക്തമാക്കുമോ;

തദ്ദേശ സ്വയംഭരണ വകുപ്പിന് ധനാഭ്യർത്ഥന നമ്പർ 22 - നഗരവികസനം, 35 - പഞ്ചായത്ത്, 36 - ഗ്രാമ വികസനം എന്നിവയിലായി അധിക ധനാനുമതി വഴി അനുവദിച്ച തുകയുടെയും അതിൽ ക്രമീകരിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | അധിക തുക അനുവദിച്ചത് | ക്രമീകരിച്ച തുക |
|---|---|---|
| 2016-17 | 551.65 | 542.98 |
| 2017-18 | 330.01 | 300.55 |

| | |
|---|---|
| (ഡി) സപ്ളിമെന്ററി ഗ്രാന്റായി എത്ര തുകയുടെ പ്രൊപ്പോസൽ ലഭിച്ചിരുന്നു; എത്ര തുക നൽകി; എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ? | തദ്ദേശ സ്വയംഭരണ വകുപ്പിന് ധനാഭ്യർത്ഥന നമ്പർ 22 - നഗരവികസനം, 35 - പഞ്ചായത്ത്, 36 - ഗ്രാമ വികസനം എന്നിവയിലായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഉപധനാഭ്യർത്ഥനകൾ വഴി യഥാക്രമം 486.40 കോടി രൂപയും, 507.20 കോടി രൂപയും അനുവദിച്ചിരുന്നു. ഈ ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ) |

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 2844.45 |
| 2017-18 | 2746.44* |

*(അക്കൌണ്ടന്റ് ജനറലിന്റെ 31.03.2018 ലെ താൽക്കാലിക കണക്കുകൾ പ്രകാരം)

**സെക്ഷൻ ഓഫീസർ**